**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1503** **07-10-2021 - ൽ മറുപടിയ്ക്ക്**

**യൂണിക് തണ്ടപ്പേർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര അനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ) | ആധാർ അധിഷ്ഠിത യൂണിക് തണ്ടപ്പേർ പദ്ധതി നടപ്പിലാക്കുന്നതിന് ആധാർ നമ്പർ ഉപയോഗിക്കുന്നതിന് 23/08/2021 ലെ File no. 13(4)/2020- EG-II (Vol – 8) പ്രകാരം കേന്ദ്ര ഇലക്ട്രോണിക്സ് & വിവര സാങ്കേതിക മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ഭൂഉടമകളുടെയും തണ്ടപ്പേർ വിവരങ്ങൾ ആധാർ നമ്പർ ഉൾപ്പെടുത്തി ലിങ്ക് ചെയ്യുകയും തുടർന്ന് കമ്പ്യൂട്ടർ അധിഷ്ഠിതമായ ഒരു പ്രത്യേക തണ്ടപ്പേർ നമ്പർ അനുവദിക്കുകയും ചെയ്യുന്നതിനാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഒരു ഭൂവുടമയുടെ പേരിൽ സംസ്ഥാനത്തുള്ള മുഴുവൻ ഭൂമിയുടെയും വിവരങ്ങൾ ആധാർ അധിഷ്ഠിതമായ ഒരു തണ്ടപ്പേരിൽ ലഭ്യമാവുകയും ആയത് വഴി ജനങ്ങൾക്ക് സുഗമവും സുതാര്യവുമായി ഭൂമി സംബന്ധമായ ഇടപാടുകൾ നടത്തുന്നതിനും സാധിക്കുന്നതുമാണ്. കൂടാതെ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വയ്ക്കുന്നവരിൽ നിന്നും മിച്ചഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും സാധിക്കും. |
| (ബി) | സംസ്ഥാനത്ത് എവിടെയും ഒരാളുടെ പേരിലുള്ള ഭൂമി ഒരു തണ്ടപ്പേരിന് കീഴിൽ ആക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | നിലവിലുള്ള പോക്ക് വരവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തേണ്ടതും. ടി വിഷയം "Integrated Online Pokkuvaravu" മായി ബന്ധിപ്പിക്കേണ്ടതുമാണ്. |

സെക്ഷൻ ഓഫീസർ